**വനിതാ ശിശു വികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**
**( ഹാജർ: ജാഫർ മലിക്, ഐ.എ.എസ്)**

**ഉത്തരവ് നം ഇ1/666/18/ഡബ്ല്യൂ.സി.ഡി** തിരുവനന്തപുരം, തീയതി: 11/07/2018

വിഷയം :- വനിതാ ശിശു വികസന വകുപ്പ് - ജീവനക്കാര്യം- ശിശുവികസന പദ്ധതി ആഫീസർമാരുടെ **പൊതുസ്ഥലംമാറ്റം 2018 – ഭേദഗതി ഉത്തരവ്** പുറപ്പെടുവിക്കുന്നു.

പരാമർശം :- 1. വനിതാ ശിശു വികസന ഡയറക്ടറുടെ 28.06.2018 ലെ ഇ1/666/2018 നം ഉത്തരവ്.
2. ഈ കാര്യാലയത്തിൽ നിന്നുള്ള 26/05/2018 ലെ ഇ1/10178/18/ഡബ്ല്യൂ.സി.ഡി നം ഉത്തരവ്.

വനിതാ ശിശു വികസന വകുപ്പിലെ ശിശു വികസന പദ്ധതി ഓഫീസർ തസ്തികയിലെ ജീവനക്കാർക്ക് പരാമർശ പ്രകാരം പൊതു സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ ക്രമ നമ്പർ 22, 64 പ്രകാരം ഐസിഡിഎസ് ചിറ്റുമല, ഐസിഡിഎസ് അരീക്കോട് അഡീഷണൽ എന്നി പ്രോജക്ടുകളിൽ ഒഴിവുണ്ടാകുന്നത് 31/07/2018 തീയതിയിൽ ആണെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ചിറ്റുമല ഐസിഡിഎസ് പ്രോജക്ടിലെ ശിശു വികസന പദ്ധതി ഓഫീസർ പരാമർശം (2) പ്രകാരം 02/07/2018 തീയതി മുതൽ പെൻഷൻ പ്രാരംഭ അവധിയിൽ പ്രവേശിച്ചിരിക്കുകയാണ്.

ഈ സാഹചര്യത്തിൽ പരാമർശം (1) പ്രകാരമുള്ള ഉത്തരവിൽ ക്രമ നമ്പർ 22, 64 പ്രകാരം ഐസിഡിഎസ് ചിറ്റുമല, ഐസിഡിഎസ് അരീക്കോട് അഡീഷണൽ എന്നി പ്രോജക്ടുകളിൽ ഒഴിവുണ്ടാകുന്നത് 31/07/2018 തീയതിയിൽ എന്നത് 02/07/2018 തീയതിയിൽ എന്ന് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

മേൽ പറഞ്ഞ ഭേദഗതികളോടെ പരാമർശം (1) പ്രകാരമുള്ള ഉത്തരവ് നിലനിൽക്കുന്നതായിരിക്കും.

(ഒപ്പ്)
വനിതാ ശിശു വികസന ഡയറക്ടർ

**ബന്ധപ്പെട്ടജീവനക്കാർക്ക്**

പകർപ്പ്

1. സ്പെഷ്യൽ സെക്രട്ടറി,സാമൂഹ്യനീതി വകുപ്പ്.
2. അക്കൗണ്ടന്റ് ജനറൽ(എ&ഇ),കേരള, തിരുവനന്തപുരം.
3. എല്ലാ ജില്ലാ വനിതാ ശിശു വികസന ആഫീസർമാർക്കും
4. എല്ലാ ജില്ലാതല ഐസിഡിഎസ്സെൽ പ്രോഗ്രാം ആഫീസർമാർക്കും
5. ബന്ധപ്പെട്ട സെക്ഷൻ സൂപ്രണ്ട്മാർക്ക്
6. സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്